# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

# S.B.M.L.P.S Koorkkanchery

# SCHOOL DEVELOPMENT PLAN






SEE SAW - 10,000
COMPUTER - 24000
WATER PURIFIER - 8000

MAT- 5,000
RACK - 5000
ALMARAH - 8000

TOTAL - 60,000/-




**RACK : 5,000**
**I PAD : 10,000**
**ALMARAH : 8,000**

**ROOFING : 20,000**
**FLOORING : 20,000**
**WATER PURIFIER : 8,000**

**TOTAL : 71,000**




RACK : 5,000
I PAD : 10,000
ALMARAH : 8,000

ROOFING : 20,000
FLOORING : 20,000
WATER PURIFIER : 8,000

**TOTAL : 71,000**




RACK : 5,000
I PAD : 10,000
ALMARAH : 8,000

ROOFING : 20,000
FLOORING : 20,000
WATER PURIFIER : 8,000

**TOTAL : 71,000**


STANDARD -IV

| SL.No. | ഉള്ളടക്കം | Page No. |
|---|---|---|
| 1. | ആമുഖം | |
| 2. | ലക്ഷ്യങ്ങൾ | |
| 3. | വിദ്യാലയ ചരിത്രം | |
| 4. | കാഴ്ചപ്പാട് | |
| 5. | പദ്ധതി രൂപീകരണ പ്രക്രിയ | |
| 6. | അവസ്ഥാ വിശകലനം | |
| 7. | വിദ്യാലയ മികവിന്റെ കേന്ദ്രം- ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ | |
| 8. | പദ്ധതി വിശദാംശങ്ങൾ | |
| 9. | പ്രതീക്ഷിത നേട്ടങ്ങൾ | |
| 10. | മോണിട്ടറിംഗ് രീതി | |
| 11. | ഉപസംഹാരം | |

## ആമുഖം

തൃശ്ശൂർ കോർപ്പറേഷനിലെ വെസ്റ്റ് ഉപജില്ലയിലെ ഏറ്റവും പഴക്കം ചെന്ന സ്കൂളിലൊന്ന് SBMLPS സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുടേയും മറു നാടൻ തൊഴിലാളികളുടേയും കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയമാണിത്. ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവും വൈകാരിക വുമായ മേഖലകളെ ഉദ്ദീപിപ്പിച്ച് ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തു ക എന്നതാണ് ഈ അക്കാദമിക പ്ലാനിന്റെ ലക്ഷ്യം. അക്കാദമിക കാര്യങ്ങളിൽ പൂർ ണ്ണത കൈവരിക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യും. വ്യക്തമായ ആസൂത്രണത്തിലൂടെ കുട്ടികളുടെ സവിശേഷമായ കഴിവും പരിമിതിയും കണ്ടറിഞ്ഞ് മുഴുവൻ കുട്ടികളുടേയും പഠന മുന്നേറ്റത്തിനുള്ള തുല്യമായ അവസരം ഒരുക്കാൻ കഴിയുകയുള്ളു. കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവു കളേയും വികസിപ്പിച്ച് ഒരു പരിപൂർണ്ണ വിദ്യാലയമാക്കി മാറ്റാനുള്ള ഒരു കൂട്ടായ്മയാണ് അക്കാദമിക പ്ലാൻ.

## ലക്ഷ്യങ്ങൾ

1. പ്രീപ്രൈമറി വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തൽ, കളിയുപകരണങ്ങൾ, ശിശുസൗഹൃദക്ലാസ്റൂം സജ്ജമാക്കൽ.
2. ഭാഷ, ശാസ്ത്ര, ഗണിത വികസനം
3. IT അധിഷ്ഠിത പഠനം
4. പ്രീപ്രൈമറി ഉൾപ്പെടെയുള്ള സമഗ്രപോഷകാഹാര പദ്ധതി
5. ജൈവവൈവിധ്യ പാർക്ക്
6. മികച്ച ആരോഗ്യ വിദ്യാഭ്യാസം
7. ദിനാചരണങ്ങൾ, വാർഷികാഘോഷങ്ങൾ മികവുറ്റ രീതിയിൽ
8. കുറ്റമറ്റ മൂല്യനിർണ്ണയം
9. ചിൽഡ്രൻസ് പാർക്ക് ഒരുക്കൽ
10. സ്കൂൾ ഓഡിറ്റോറിയം കുട്ടികളുടെ കലാപരിപാടികൾക്ക്
11. ഉച്ചഭക്ഷണ ഹാൾ തയ്യാറാക്കൽ
12. സ്കൂളിന് വാഹനം
13. സ്മാർട്ട് ക്ലാസ് റൂമുകൾ
14. പുതിയ ടോയ്ലെറ്റ് സംവിധാനം
15. ബോധവൽക്കരണ ക്ലാസുകൾ, കൗൺസിലിംഗ്
16. കുട്ടികളെ മൂല്യബോധമുള്ളവരും, സംസ്കാരമുള്ളവരുമായി രൂപപ്പെടുത്തുക
17. പ്ലാസ്റ്റിക്- ലഹരിമുക്ത സ്കൂൾ
18. സ്കൂൾ തന്നെ പാഠപുസ്തകം
19. കുട്ടികളുടെ അഡ്മിഷൻ വർദ്ധിപ്പിക്കുക
20. മാറി വരുന്ന അദ്ധ്യാപന രീതികളും വിദ്യാഭ്യാസത്തിന്റെ ആവശ്യകതകളും ഉറപ്പു വരുത്തുക.

# ശ്രീ. ബോധാനന്ദ മെമ്മോറിയൽ എൽ.പി. സ്കൂൾ

## കൂർക്കഞ്ചേരി

വിദ്യാലയ ചരിത്രം

# ശ്രീ. ബോധാനന്ദ മെമ്മോറിയൽ എൽ.പി. സ്കൂൾ കുർക്കഞ്ചേരി

ശ്രീ ബോധാനന്ദ മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ എന്നാണ് ഈ വിദ്യാലയത്തിന്റെ നാമധേയം. തൃശൂർ കോർപറേഷൻ 41-ാം വാർഡിൽ കൂർക്കഞ്ചേരി ദേശത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സ്കൂൾ സ്ഥാപിതമായിട്ട് 128 വർഷമായി. കോട്ടിയാട്ടിൽ പായി മൂപ്പരാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. ''മൂപ്പർ'' എന്നത് ശ്രീനാരായണ ഗുരുദേവൻ നൽകിയ സ്ഥാനപ്പേരാണ്. പായി മൂപ്പരുടെ യഥാർത്ഥ പേര് കോട്ടിയാട്ടിൽ വേലു എന്നാണ്. പായി മൂപ്പർ ബോധാനന്ദ സ്കൂൾ തുടങ്ങുന്ന കാലത്ത് ഈ പേരിലല്ല അറിയപ്പെട്ടിരുന്നത്.

ജർമ്മൻ മിഷനറിമാരായിരുന്ന '' സനാന മിഷ്യൻകാരാണ്'' ഈ സ്കൂളിന്റെ നടത്തിപ്പിനെ സഹായിച്ചിരുന്നത്. പിന്നീട് സനാന മിഷ്യൻകാർ സ്കൂൾ വാങ്ങി ZMS എന്ന പേരിലാക്കി. ഫിലിപ്പ് ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. ജർമ്മൻ സ്വദേശിനിയായിരുന്ന ഒരു സ്ത്രീ എല്ലാ വെള്ളിയാഴ്ചകളിലും സ്കൂൾ സന്ദർശിച്ച് അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മധുര പലഹാരങ്ങൾ നൽകി സ്കൂളിലേക്ക് പഠിക്കാൻ കുട്ടികളെ ആകർഷിക്കുന്ന ഒരു പദ്ധതിയും നടത്തിയിരുന്നു. കുറേക്കാലം അവരുടെ സേവനം നിലനിന്നിരുന്നു. ജോസഫ് മാസ്റ്റർ, തങ്കമ്മ ടീച്ചർ, അമ്മിണി ടീച്ചർ എന്നിവരാണ് ആദ്യകാല അദ്ധ്യാപകർ ആയിരുന്നത്.

രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ജർമ്മൻകാരും ഇംഗ്ലീഷുകാരും രണ്ടു ചേരികളായി തിരിഞ്ഞ് ശത്രുക്കളായി. ഇന്ത്യൻ ജർമ്മൻകാരെ ഇംഗ്ലീഷുകാർ ജയിലിലടയ്ക്കാനും തുടങ്ങി. കണ്ണൂർ, തലശ്ശേരി ഭാഗത്ത് ജർമ്മൻകാരായ സനാന മിഷ്യൻമാർക്ക് ധാരാളം ടൈൽ ഫാക്ടറികളും വ്യവസായശാലകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ടായിരുന്നു. തലശ്ശേരിയിലിരുന്ന കാലത്താണ് ഗുണ്ടർട്ട് മലയാള നിഘണ്ടുവിന് രൂപം നൽകിയത്. ഇംഗ്ലീഷുകാരുടെ ആക്രമണം ഭയന്ന് ജർമ്മൻകാരായ സനാനമിഷ്യൻകാർ സകലതും വിട്ട് ജന്മനാട്ടിലേക്ക് പാലായനം ചെയ്തു. ഇന്ത്യ മുഴുവൻ ഇംഗ്ലീഷുകാർ ജർമ്മൻകാരെ വേട്ടയാടി. കൂർക്കഞ്ചേരിയിലെ സനാനമിഷ്യൻകാരും അവരുടെ ഇന്ത്യയിലെ സേവനം അവസാനിപ്പിച്ച് സ്വന്തം നാട്ടിലേക്ക് മടങ്ങിപ്പോയി.അവർ നടത്തി വന്നിരുന്ന സ്കൂൾ വീണ്ടും കോട്ടിയാട്ടിൽ കുടുംബത്തിന് തിരിച്ച് ഏൽപ്പിച്ചു. അന്നത്തെ തറവാട്ടു കാരണവരായ പായിമൂപ്പർ (കോട്ടിയാട്ടിൽ വേലു) സ്കൂൾ ഏറ്റെടുത്തു നടത്തിപ്പോന്നു.

ജ്ഞാനത്തിന്റെ തികവുകൊണ്ടും തികവുകൊണ്ടും തപസ്സിന്റെ പ്രഭാവം കൊണ്ടും പ്രകാശിക്കുന്ന ശ്രീനാരായണ ഗുരുദേവന്റെ പ്രതിഷ്ഠ നടത്തിയ കൂർക്കഞ്ചേരി ക്ഷേത്രം നടത്തിപ്പിന്റെ കമ്മിറ്റി ആയ യോഗത്തിന്റെ പ്രസിഡന്റ് കൂടിയായിരുന്നു പായി മൂപ്പർ. സെക്രട്ടറി ബോധാനന്ദ സ്വാമികളുംആയിരുന്നു. പിന്നീട് പായി മൂപ്പർ ബോധാനന്ദസ്വാമികൾക്ക് മേൽ പറഞ്ഞ സ്കൂൾ സമർപ്പിച്ചു.

തൃശൂർ ചിറക്കൽ എന്ന ദേശത്ത് ഈഉവർ പറമ്പു തറവാട്ടിലാണ് ബോധാനന്ദ സ്വാമികൾ ജനിച്ചത്. വേലായുധൻ എന്നു പേരിട്ടെങ്കിലും വേലുക്കുട്ടി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്നു. സുമുഖനും സുശീലനും സത്യവാനും ശാന്തനും എന്നാൽ ധീരനുമായ വേലുകുട്ടി സർവ്വരുടേയും വാത്സല്യഭാജനമായി. ഈശ്വരകഥകൾ കേൾക്കുന്നതിനും പഠിക്കുന്നതിനും അതിശ്രദ്ധ പ്രകടിപ്പിച്ചിരുന്നു. കേരളമൊട്ടുക്ക് സ്വാമി ചുറ്റി സഞ്ചരിച്ചു. ഐക്യത്തിനും അനാചാരത്തിനും എതിരായി പോരാടി. തൃശൂർ - തൃപ്രയാർ റൂട്ടിൽ അയിത്ത നിർമ്മാർജ്ജനത്തിന് ധർമ്മസംഘം ഉയർന്ന് പ്രവർത്തിച്ചു. ആറാട്ടുപുഴ പൂരം നടക്കുമ്പോൾ എഴുന്നള്ളത്തിന്റെ ഭാഗമായി നടന്നിരുന്ന അയിത്താചരണത്തെ തടഞ്ഞുനിറുത്തിയത് സ്വാമികളുടെ ധർമ്മസംഘമാണ്. പിൽക്കാലത്ത് അധ:കൃതർക്ക് പത്തും പുലയും ആചരിക്കുന്നതിനുവേണ്ടി സ്വാമികൾ നടത്തിയ പ്രക്ഷോഭമാണ് ചരിത്ര പ്രസിദ്ധമായ താണിശ്ശേരി ലഹള. കൊച്ചി, മലബാർ പ്രദേശങ്ങളിൽ പല റോഡുകളും പൊതുസ്ഥലങ്ങളും കിണറുകളും കുളങ്ങളും അയിത്ത ജാതിക്കാർക്ക് തുറന്നു കിട്ടിയത് ബോധാനന്ദ സ്വാമിയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളാണ്. ഗുരുദേവന്റെ ക്ഷേത്രസ്ഥാപന പ്രസ്ഥാനവും ബോധാനന്ദ സ്വാമികളുടെ ക്ഷേത്രത്യാഗ പ്രസ്ഥാനവും തമ്മിൽ പല സ്ഥലങ്ങളിലും ഏറ്റുമുട്ടിയിട്ടുണ്ട്. അവർ തമ്മിൽ നേരിട്ട് കണ്ടിരുന്നില്ല. രണ്ടുപേരുടേയും ലക്ഷ്യം ഒന്നും,. മാർഗ്ഗം രണ്ടും ആയിരുന്നു. രണ്ട് പ്രസ്ഥാനവും കൂടി യോജിപ്പിക്കാൻ വളരെയധികം ശ്രമിച്ചു. പെരിങ്ങോട്ടുകര ശ്രീനാരായണാശ്രമത്തിൽ ബോധാനന്ദ സ്വാമി താമസിച്ചു. ബോധാനന്ദ സ്വാമികൾ ആലുവ അദ്വൈതാശ്രമം മഠാധിപതിയായി കൂർക്കഞ്ചേരിയിൽ നിന്ന് വിട പറഞ്ഞപ്പോൾ ശിഷ്യനായ രാമാനന്ദ സ്വാമികളെ സ്കൂളിന്റെ ഭരണ ചുമതല ഏൽപ്പിച്ചു. രാമാനന്ദ സ്വാമികളാണ് സ്കൂളിന് ബോധാനന്ദ മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ എന്ന നാമധേയം നൽകിയത്.

കൊച്ചി ഗവൺമെന്റ് നിയോഗിച്ച പാഠപുസ്തക പരിഷ്കാര കമ്മിറ്റിയിൽ അംഗമായിരുന്ന സ്വാമികൾ ശ്രീനാരായണ ഗുരുകുലം സ്കൂൾ (ശ്രീനാരായണ സംസ്കൃതം സ്കൂൾ), സ്വാമി ബോധാനന്ദ എൽ.പി സ്കൂൾ, ശ്രീനാരായണ അനാഥശാല തുടങ്ങിയ സ്ഥാപനങ്ങൾ തൃശൂർ കൂർക്കഞ്ചേരിയിൽ ഏർപ്പെടുത്തുകയും ചെയ്തു. അങ്ങനെ വലിയൊരു പ്രസ്ഥാനത്തിന്റെ നായകനായിരുന്ന ആ കർമ്മ യോഗി നല്ലൊരു ശിഷ്യ സമൂഹത്തേയും സമ്പാദിച്ച 62-ാംമത്തെ വയസ്സിൽ 1957 ജൂൺ 9 ന് സമാധിയാവുകയും ചെയ്തു.

വിദ്യാലയത്തിന്റെ ആരംഭകാലത്ത് ഓലകെട്ടി മേഞ്ഞ മുറികളിലായിരുന്നു പഠനം. 1894 ലാണ് 1-ാം ക്ലാസ്സ് ആരംഭിച്ചത്. പിന്നീട് 1897 ൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകൾ തുടങ്ങി. Z.M.S എന്നായിരുന്ന ആദ്യത്തെ പേര്. 1940 ൽ A.S.M കൂർക്കഞ്ചേരി എന്നായി. 1946 ൽ ശ്രീബോധാനന്ദ മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ ആയി. സ്വാമികൾക്ക് വൈദ്യത്തിൽ നിന്ന് ലഭിച്ചിരുന്ന മുഴുവൻ സമ്പാദ്യവും സ്കൂളുകൾക്കും സാധു സംരക്ഷണത്തിനും വേണ്ടിയാണ് ചിലവഴിച്ചിരുന്നത്. അങ്ങിനെ സ്വാമികളുടേയും നാട്ടുകാരുടേയും സഹായത്തോടെ ഓല ഷെഡുകൾക്ക് പകരം ഓടിട്ട കെട്ടിടം നിർമ്മിച്ചു.


എസ്.ബി.എം.എൽ.പി. സ്കൂൾ






S.B.M.L.P SCHOOL



താഴ്ന്ന ജാതിക്കാർക്കുംകൂടി വിദ്യാഭ്യാസം കിട്ടണം എന്ന ഉദ്ദേശ്യത്തിൽ സ്വാമികൾ ആരംഭിച്ച വിദ്യാലയമായതിനാൽ തുടക്കത്തിൽ തന്നെ നാനാജാതി മതസ്ഥരേയും ചേർത്തി പഠിപ്പിച്ചിരുന്നു. പെൺകുട്ടികൾക്കും ഒപ്പം പഠിക്കാനുള്ള സൗകര്യമുണ്ടായിരുന്നു. അദ്ധ്യാപകരുടെ കാര്യത്തിലും ശ്രീനാരായണഗുരുവിന്റെ " ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന ആദർശം മുൻനിർത്തിയിരുന്നു. ആദ്യ ബാച്ചിൽ പഠിച്ചവരാരും ഇന്ന് ജീവിച്ചിരിക്കാൻ ഇടയില്ല. കൂർക്കഞ്ചേരിയിലെ പിന്നോക്കക്കാരും അധ:സ്ഥിതരുമായ ആളുകൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിൽ ബോധാനന്ദ സ്മാരക സ്കൂളിന് വലിയ പങ്കാണുണ്ടായത്.

1957,58 മുതൽ S.B.M.L.P.S ൽ ക്ലാസ്സുകൾ വർദ്ധിച്ചപ്പോൾ സ്ഥല ദൗർലഭ്യം മൂലം സ്കൂൾ ഭരണകമ്മിറ്റി ഇവിടെ നിന്നും കുറച്ചു മാറി പുതിയ കെട്ടിടം നിർമ്മിച്ച് ഈ സ്കൂളിന്റെ അഡീഷണൽ ക്ലാസ്സുകളുമായി പ്രവർത്തനം തുടങ്ങുകയും ചെയ്തു. പിന്നീട് കമ്മിറ്റിയുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി സ്വാമികളുടെ പേരിൽ S.R.M.L.PS പുതിയ സ്കൂളായി അംഗീകാരം ലഭിച്ചു. അന്നത്തെ AEO , വൈലോപ്പിള്ളി ശ്രീധരമേനോൻ ആയിരുന്നു.

ഈ വിദ്യാലയത്തിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ കെ.കിട്ടു മാസ്റ്ററാണ്. അദ്ദേഹം പ്രഗത്ഭനും സത്യസന്ധനും ഗുരുദേവ ഭക്തനും ആയിരുന്നു. അദ്ദേഹത്തിന്റെ മക്കളും, പേരക്കുട്ടികളും ഈ സ്കൂളിൽ തന്നെയായിരുന്നു പഠിച്ചിരുന്നത്. രണ്ടു മക്കൾ ഈ വിദ്യാലയത്തിലെ അദ്ധ്യാപകരായിരുന്നു. രാമാനന്ദസ്വാമിയുമായി വളരെ അടുത്ത് പ്രവർത്തിക്കുകയും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ കിട്ടു മാസ്റ്റർക്ക് ലഭിക്കുകയും ചെയ്തിരുന്നു. കിട്ടു മാസ്റ്റർ പ്രധാന അദ്ധ്യാപകനായി വളരെക്കാലം ഈ വിദ്യാലയത്തിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പിന്നീട് പ്രധാന അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചത് വള്ളിയമ്മ ടീച്ചറാണ്. രാമാനന്ദസ്വാമിയുടെ അനാഥശാലയുടെ അടുത്തുതന്നെയായിരുന്ന ടീച്ചറുടെ താമസം. കുട്ടികളുണ്ടായിരുന്നില്ല. സ്കൂളിലെ കുട്ടികൾ തന്നെയാണ് ടീച്ചറുടെ കുട്ടികൾ. പ്രധാന അദ്ധ്യാപികയായി ഈ വിദ്യാലയത്തിൽ വളരെക്കാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പിന്നീട്, ഗോവിന്ദൻകുട്ടി മേനോനാണ് പ്രധാന അദ്ധ്യാപകനായത്. മാസ്റ്റർ കണിമംഗലം സംസ്കൃത സ്കൂളിലായിരുന്നു. പ്രധാന അദ്ധ്യാപകനായി പ്രമോഷൻ ലഭിച്ചപ്പോഴാണ് ഈ വിദ്യാലയത്തിൽ വന്നത്. 10 വർഷത്തോളം അദ്ധ്യാപകനായി ജോലി നോക്കി.

24 അദ്ധ്യാപകരും 4 സ്പെഷൽ അദ്ധ്യാപകരും ഉണ്ടായിരുന്ന ഈ വിദ്യാലയത്തിൽ ഓരോ കൊല്ലം ചെല്ലുംതോറും കുട്ടികളുടെ എണ്ണം കുറഞ്ഞു തുടങ്ങി.യ അതനുസരിച്ച് അദ്ധ്യാപകരുടെ എണ്ണവും കുറഞ്ഞു തുടങ്ങി. ദേവകി ടീച്ചർ, ശാന്തകുമാരി ടീച്ചർ, ലീല ടീച്ചർ, ശാന്തമ്മ ടീച്ചർ എന്നിവരെല്ലാം ഈ സ്കൂളിന്റെ സാരഥികളായി.






ADMISSION STARTED
SBMLPS KOORKANCHERY
LKG, UKG, 1 - 4
ഐ. ടി പഠനം
കരാട്ടെ പരിശീലനം
പരിസ്ഥിതി സയൻസ്
ക്ലബ്ബുകളുടെ പ്രവർത്തനം
യോഗ പരിശീലനം
വാഹനസൗകര്യം
Contact:-8648570433
9497625717

തൃശൂർ വെസ്റ്റ് ഉപജില്ലയിലെ വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന, എല്ലാ പരിപാടികളും വേണ്ട വിധത്തിൽ നടപ്പിലാക്കിയിരുന്ന ഒരു വിദ്യാലയമായിരുന്നു. പടത്തിനും മത്സരങ്ങളിലുമെല്ലാം തന്നെ വേണ്ട സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിരുന്നു. അറബി കലോത്സവത്തിലും മുൻനിരയിൽ തന്നെയായിരുന്നു. പഠന പ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുന്നതിൽ അദ്ധ്യാപകർ വളരെയധികം പ്രോത്സാഹനം നൽകിവരുന്നു. കൂർക്കഞ്ചേരി പഞ്ചായത്തിൽ നിന്നും സ്കൂളിനു വേണ്ട സഹായസഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

എം.എൽ.എ ഫണ്ടിൽ നിന്നും 4 കമ്പ്യൂട്ടറുകളും ഒരു പ്രൊജക്ടറും ലഭിച്ചിട്ടുണ്ട്. (ബഹുമാനപ്പെട്ട എം.എൽ.എ മാരായ കെ.പി രാജേന്ദ്രൻ 2006, വി.എ സുനിൽകുമാർ 2010, വിൻസെന്റ് 2015). ഇതിനു പുറമെ രണ്ടു രക്ഷിതാക്കളും സ്കൂൾ സപ്പോർട്ട് ഗ്രൂപ്പും ചേർന്ന് (SSG) 2 ലാപ്ടോപ്പുകൾ സ്കൂളിന് ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ സ്കൂളിലെ വിദ്യാർത്ഥികളെല്ലാവരും കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരാണ്. പട്ടികജാതി വിഭാഗത്തിൽ നിന്നും 9 കുട്ടികളും IEDC( Integrated Education For The Disabled Children) വിഭാഗത്തിൽ നിന്നും 5 കുട്ടികളുമടക്കം ആകെ 62 കുട്ടികളാണ് വിദ്യാലയത്തിലുള്ളത്.

IEDC കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി സ്പെഷൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ നിന്നും ഒരു അദ്ധ്യാപികയും ഉണ്ട്. സർക്കാരിൽ നിന്നും കുട്ടികൾക്ക് ഉച്ച ഭക്ഷണം, പാൽ, മുട്ട തുടങ്ങിയവയും കൂടാതെ യൂണിഫോം, പുസ്തകങ്ങളും ലഭിക്കുന്നുണ്ട്. IEDC കുട്ടികൾക്ക് ഒരു ശൗച്യാലയവും, പൊതുവായി മറ്റൊരു ശൗച്യാലയവും എം.എൽ.എ ഫണ്ടിൽ നിന്ന് 2021 ൽ നിർമ്മിച്ച് നൽകി. അതോടൊപ്പം വിദ്യാലയത്തിന്റെ ഓഡിറ്റോറിയം നിർമ്മാണത്തിന് പ്രധാന പങ്ക് വഹിച്ചത് സ്കൂൾ മാനേജരും കൂർക്കഞ്ചേരി കാനറ ബാങ്കും ചേർന്നാണ്.

ഇപ്പോൾ ഈ വിദ്യാലയം തൃശൂർ കോർപറേഷനിൽപ്പെടുന്നു. വളരെ ഉന്നതനിലയിലായിരുന്ന വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞു വരികയാണ്. വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയും ചെയ്യുന്നു. ജീവിത നിലവാരം മെച്ചപ്പെട്ടു. സാധാരണ വിദ്യാലയത്തിലെ വിദ്യാഭ്യാസത്തേക്കാൾ ജനങ്ങൾ ഇഷ്ടപ്പെടുന്നത് നഗരവത്കരണ വിദ്യാഭ്യാസമാണ്. തൃശൂർ, കണിമംഗലം, ചിയ്യാരം, വടൂക്കര എന്നീ സ്ഥലങ്ങളാണ് വിദ്യാലയത്തിന്റെ 4 അതിരുകൾ. വിദ്യാലയത്തിന്റെ രണ്ടു ഭാഗവും മെയിൻ റോഡാണ്. തിരക്കുള്ള റോഡ് മുറിച്ചു കടക്കാൻ വളരെ ബുദ്ധിമുട്ടാണ്.

സബ്ജില്ലാ യുവജനോത്സവത്തിൽ കുട്ടികൾ പങ്കെടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്യാറുണ്ട്. അറബി കലാമേളയിൽ എൽ.പി വിഭാഗത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുകയും (തൃശൂർ വെസ്റ്റ് സബ്-ജില്ല) 2009-2010 ലെ ഓവറോൾ സമ്മാനം കരസ്ഥമാക്കുകയും ചെയ്തത് എടുത്തു പറയേണ്ട ഒരു നേട്ടമാണ്. 2011 ലും 2019 ലും ഇത് തുടർന്നിരുന്നു.

കുട്ടികൾക്ക് കൃഷിയുമായി അഭിരുചി വളർത്തുന്നതിന് SSA (സർവ്വ ശിക്ഷ അഭയാൻ) യിൽ നിന്നും വിത്തും കൈക്കോട്ടും ലഭ്യമാക്കാറുണ്ട്. തുടർന്ന് കുട്ടികളും രക്ഷിതാക്കളും അദ്ധ്യാപകരും ചേർന്ന് സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിച്ചിരുന്നു. ജലദൗർലഭ്യം മൂലം കൃഷി വേണ്ടത്ര വിജയിച്ചില്ലെങ്കിലും കൊള്ളിയും വാഴയും തരക്കേടില്ലാത്ത വിളവ് നൽകുന്നുണ്ട്.

വെള്ളത്തിന്റെ ലഭ്യതക്കുറവ് മൂലം പണ്ടത്തെ കിണർ മൂടിപ്പോയിരുന്നു. പീച്ചി പൈപ്പിനെ ആശ്രയിച്ചായിരുന്നു വിദ്യാലയം പ്രവർത്തിച്ചിരുന്നത്. പിന്നീട്, 2019 ൽ തൃശൂർ ലയൺസ് ക്ലബ്ബ് വിദ്യാലയത്തിന് പുതിയ കിണറും അനുബന്ധ സൗകര്യങ്ങളും നിർമ്മിച്ചു നൽകി.

കുറെക്കാലം ശ്രീ. സി.ആർ കേശവൻ വൈദ്യർ മാനേജരായും കറസ്പോണ്ടന്റായി ശ്രീ.ടി.കെ നാരായണൻ മാസ്റ്ററും, ശ്രീ. ഐ.എം വേലായുധൻ മാസ്റ്ററും പ്രവർത്തിച്ചിരുന്നു. പിന്നീട് വൈദ്യർ മാനേജർ സ്ഥാനം ഒഴിഞ്ഞു. തുടർന്ന് രാമാനന്ദ ട്രസ്റ്റിന്റെ മാനേജരായി മുൻ തൃശൂർ മുൻസിപ്പൽ ചെയർമാനായിരുന്ന ശ്രീ.കെ.വി ബാലനും സെക്രട്ടറിയായി ശ്രീ.പാറയിൽ ദിവാകരനും ഉൾപ്പെടുന്ന കമ്മിറ്റിയാണ് ഭരണചുമതല നിർവ്വഹിച്ചിരുന്നത്.

ഇപ്പോൾ വിദ്യാലയത്തിന്റെ മാനേജർ വർക്കല ശിവഗിരി മഠത്തിലെ ശുഭാംഗാനന്ദ സ്വാമിജി അവർകളാണ്. എസ്.എൻ ബോയ്സ് ഹൈസ്കൂൾ, എസ്.എൻ ഗേൾസ് ഹൈസ്കൂൾ, ശ്രീ രാമാനന്ദ സ്കൂൾ എന്നീ നാല് സ്കൂളുകളും രാമാനന്ദ ട്രസ്റ്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളാണ്. പി.ടി.എ യുടെയും SSG യുടെയും നേതൃത്വത്തിൽ വോളിബോൾ, യോഗ പരിശീലനങ്ങൾ, സ്പോർട്ട്സ്, സ്പോക്കൺ ഇംഗ്ലീഷ് തുടങ്ങിയ പരിശീലനങ്ങളും നടത്തിപ്പോരുന്നുണ്ട്. കുട്ടികൾക്ക് വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

പഴയ സുവർണ്ണക്കാലത്തെ പ്രതീക്ഷിച്ചുകൊണ്ട് അദ്ധ്യാപകർ അശ്രാന്തപരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. 100 ൽ താഴെ കുട്ടികളും 5 അദ്ധ്യാപകരുമാണ് ഇപ്പോൾ ഈ വിദ്യാലയത്തിൽ ഉള്ളത്. സ്കൂളിലെ മികവുറ്റ അദ്ധ്യാപകരോടൊപ്പം സ്കൂൾ മാനേജരുടെയും PTA യുടെയും സപ്പോർട്ട് കൂടെയുണ്ടെങ്കിൽ ഈ വിദ്യാലയം ഇപ്പോഴുള്ള അവസ്ഥയിൽ നിന്നും കൂടുതൽ മികവുറ്റ രൂപത്തിലേക്ക് കൊണ്ടുവരാൻ കഴിയുമെന്നാണ് പഠനത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്.

# നന്ദി

## കാഴ്ചപ്പാട്

വിദ്യാലയം മികവിന്റെ കേന്ദ്രം:-

തൃശ്ശൂർ ജില്ലയിലെ കുർക്കഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം കുട്ടികൾക്ക് എത്തിച്ചേരാൻ സൗകര്യമുള്ള സ്ഥലമാണ്. 1894 ൽ സ്ഥാപിതമായ ഈ സ്ഥാപനം ഭൗതികസാഹചര്യങ്ങൾ, കെട്ടിടം എന്നിവ സവീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ക്ലാസ് റൂമുകൾ സ്മാർട്ടാവുകയും ജൈവവൈവിധ്യ പാർക്ക്, വാഹന സൗകര്യം ഇവ കൊണ്ടുവന്നാൽ തീർച്ചയായും സ്കൂളിനെ മികവുറ്റതാക്കാൻ കഴിയും. അദ്ധ്യാപകർ കഴിവും, ആത്മാർത്ഥതയോടെയും പ്രവർത്തിക്കുന്നവരാണ്. അദ്ധ്യാപക പരിശീലന പരിപാടികളിലെ രീതികൾക്കനുസരിച്ച് വളരെ നല്ല രീതിയിലാണ് ക്ലാസുകൾ നയിക്കുന്നത്.

# നിലവിലെ അവസ്ഥാ വിശകലനം

1 മുതൽ 4 വരെ ഓരോ ഡിവിഷനുകളും, പ്രീപ്രൈമറി ക്ലാസും പ്രവർത്തിക്കുന്നു. 5 അദ്ധ്യാപകരും ഒരു പ്രീപ്രൈമറി അദ്ധ്യാപിക, ആയ, ഉച്ചഭക്ഷണം വെക്കുന്ന ആൾ എന്നിവരാണ് ഇവിടെയുള്ളത്. സ്കൂൾ അൺഇക്കണോമിക് അവസ്ഥയിലാണ്. ഈ വർഷം പ്രീപ്രൈമറിയിൽ കുട്ടികൾ ചേർന്നിട്ടുണ്ട്. 1 മുതൽ 4 വരെ അഡ്മിഷൻ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ്. പൊതു സമൂഹം സ്കൂളിനോട് വളരെ നല്ല രീതിയിൽ ഇടപെടുന്നുണ്ട്. അംഗൻവാടികൾ, നഴ്സറികൾ ഇത്തരം സ്ഥാപനങ്ങളോടും നല്ല ബന്ധം സ്ഥാപിച്ചിട്ടുണ്ട്.

# നിലവിലെ അവസ്ഥാ വിശകലനം

| | ഭൗതികം | അക്കാദമികം | പരിമിതികൾ | നേട്ടങ്ങൾ |
|---|---|---|---|---|
| 1. | നാല് ക്ലാസ്റൂമുകൾ | യോഗ ക്ലാസുകൾ നടത്തുന്നു | ക്ലാസ് റൂമുകൾ വളരെ പഴയതാണ | Admission കഴിഞ്ഞ വർഷത്തേക്കാൾ കൂട്ടാൻ പറ്റി |
| 2. | ഒരു ഹാൾ | കലാകായിക പഠനം ശ്രദ്ധ ചെലുത്തുന്നു | Printer, Scanner, Projector ഇവ ഇല്ല | സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിച്ചു |
| 3. | പ്രീപ്രൈമറി ക്ലാസ് | English Assembly | എല്ലാ കുട്ടികൾക്കും Computer ഉപയോഗിക്കാൻ പര്യാപ്തമല്ല | OSA ഒരു സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കി |
| 4. | ഇലക്ട്രിഫിക്കേഷൻ ഉണ്ട് | എല്ലാ ക്ലാസിലും IT ലാബ് പ്രയോജനപ്പെടുത്തുന്നു | സ്കൂളിനായി സ്വന്തം വാഹനം ഇല്ല | PTA മീറ്റിംഗുകളിൽ രക്ഷിതാക്കൾ നൂറുശതമാനവും എത്തുന്നു |
| 5. | Tap Water Facility യാണ് ഉള്ളത് | Library Books പ്രയോജനപ്പെടുത്തുന്നു | വാഹനസൗകര്യം ഇല്ല | MLA, MP എന്നിവർക്ക് സ്കൂളിന്റെ അവസ്ഥ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് |
| 6. | ചുറ്റുമതിൽ ഉണ്ട് | ബോധവൽക്കരണ ക്ലാസ് Health Police ഇവ നടന്നു | പ്രീപ്രൈമറിക്ക് വേണ്ട ക്ലാസ്റൂം, കളിയുപകരണങ്ങൾ ഇല്ല | |
| 7. | ബഞ്ച്, ഡസ്ക് ഇവ ഉണ്ട് | Class PTA നടന്നു | അദ്ധ്യാപകർ ലീവ് ആകുമ്പോൾ പകരം സംവിധാനം ഇല്ല | |
| 8. | ഒരു smart class റൂം തയ്യാറാവുന്നു | Medical Checkup നടന്നു(eye) | Dining hall ഇല്ല | |
| 9. | മൂത്രപ്പുര ഉണ്ട് | ദിനാചരണങ്ങൾ നടത്തുന്നു | കലാകായിക പഠനത്തിന് അദ്ധ്യാപകരില്ല | |
| 10. | കിണർ ഉണ്ട് | | സാമ്പത്തികഭദ്രത ഇല്ല | |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. കുട്ടികളുടെ പഠനനേട്ടങ്ങൾ രക്ഷിതാക്കൾക്ക് ബോധ്യമാകും വിധം തയ്യാറാക്കുക.
2. മലയാളം വായന, എഴുത്ത് ഇവ ഓരോ ക്ലാസിനും ഉറപ്പാക്കൽ
3. സർഗാത്മക കഴിവുകൾ പ്രദർശിപ്പിക്കാൻ ആഴ്ചയിൽ അവസരം
4. ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിൽ കഴിവുണ്ടാക്കാൻ ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് അവതരണങ്ങൾ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ
5. ഐടി പഠനം- കുട്ടികൾക്ക് സ്വയം ചെയ്യാൻ അവസരം.(computer ഓരോ കുട്ടിക്കും, projector, printer, mike, scanner ഇവയുള്ള സ്മാർട്ട് ക്ലാസ് റൂമുകൾ
6. യോഗ ക്ലാസുകൾ, എക്സർസൈസുകൾ ആരോഗ്യ സംരക്ഷണത്തിന്
7. വിദ്യാലയത്തെ ആകർഷമാക്കാൻ ജൈവവൈവിധ്യ പാർക്ക്, ചിൽഡ്രൻസ് പാർക്ക്, പരിസ്ഥിതി ശുചിയാക്കി സൂക്ഷിക്കൽ
8. പ്രതിമാസ കലണ്ടർ അനുസരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
9. സ്കൂൾ ഓഡിറ്റോറിയം തയ്യാറാക്കൽ
10. എല്ലാ ക്ലാസ് മുറികളും ടൈൽ വിരിച്ച് ആകർഷകമാക്കൽ
11. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പു വരുത്തൽ
12. പുതിയ ഡൈനിംഗ് ഹാൾ തയ്യാറാക്കൽ
13. സ്കൂളിനായി ഒരു വാഹനം
14. അംഗൻവാടി- പ്രീപ്രൈമറി ഫെസ്റ്റുകൾ സംഘടിപ്പിക്കൽ
15. ദിനാചരണങ്ങൾ സമൂഹവുമായി ബന്ധപ്പെട്ട് നടത്തൽ
16. രക്ഷിതാക്കൾക്ക് തൊഴിലധിഷ്ഠിത ക്ലാസുകൾ നൽകൽ
17. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് Health center മായി ബന്ധപ്പെടൽ, Health Nurse ന്റെ സേവനം ഉറപ്പിക്കൽ
18. SRG, OSA, SSG, PTA മീറ്റിംഗുകൾ കാര്യക്ഷമതയോടെ

## പദ്ധതി വിശദാംശങ്ങൾ

മേഖല : അക്കാദമികം
ഉപമേഖല : സ്കൂൾ പ്രവേശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിൽ കുട്ടികളുടെ പ്രവർത്തനം വർദ്ധിപ്പിക്കൽ | ഗൃഹ സന്ദർശനം | ഒക്ടോബർ മുതൽ | അദ്ധ്യാപകർ | |
| | അംഗൻവാടി സന്ദർശനം | ഒക്ടോബർ മുതൽ | അദ്ധ്യാപകർ | |
| | KG fest കൾ | Nov-1 മുതൽ | അദ്ധ്യാപകർ PTA | 5000/- |
| | കുട്ടികളുടെ പരിപാടി പൊതുസമൂഹത്തിലേക്ക് | February | അദ്ധ്യാപകർ | 10000/- |
| | കോർണർ PTA കൾ | Aug. 3 മുതൽ | അദ്ധ്യാപകർ PTA | 500/- |
| **ഉപമേഖല** | **ഇംഗ്ലീഷ് ഭാഷ** | | | |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കൽ | പ്രീടെസ്റ്റ് | Aug.ആദ്യ വാരം | Trs | |
| | അദ്ധ്യാപകർ എല്ലാ ആഴ്ചയിലും ഒരു ഇംഗ്ലീഷ് കഥ അവതരിപ്പിക്കൽ | Aug.ആദ്യ വാരം | Trs | |
| | കുട്ടികളുടെ English skit, thoughts, വായനാ സാമഗ്രികൾ, പതിപ്പുകൾ | Aug. മുതൽ | Trs | 3000/- |
| **ഉപമേഖല** | **മലയാളം** | | | |
| നാലാം ക്ലാസ് കഴി | മലയാളത്തിളക്കം | | അദ്ധ്യാപക | |

| | | | | |
|---|---|---|---|---|
| യുന്ന എല്ലാ കുട്ടി കൾക്കും മലയാളം എഴുതാനും വായി ക്കാനും ഉറപ്പു വരുത്തൽ | പരിപാടിയുടെ തുടർച്ച | | ടീം | |
| | പത്രവായന, കവി തകൾ ചൊല്ലിക്കൽ, പതിപ്പുകൾ, എന്റെ പത്രം ഓരോ ക്ലാസിനും | | SSG വക പത്രം | 4000/- |
| | കഥ ഉണ്ടാക്കൽ രക്ഷിതാക്കൾ | | | |
| **ഉപമേഖല** | **ഗണിതം, ശാസ്ത്രം** | | | |
| ഗണിതമൂല, ശാസ് ത്ര മൂല ഇവ ഉറ പ്പാക്കൽ | വേണ്ട സാമഗ്രി കൾ ലിസ്റ്റ് ചെയ്യൽ | January | SRG/ അദ്ധ്യാ പകർ | 5000/- |
| | പരീക്ഷണങ്ങളു ടെ ലിസ്റ്റ് പ്രിന്റ് ചെയ്യൽ | October | Tr | 1000/- |
| | ശാസ്ത്ര സാഹി ത്യ പുസ്തക ങ്ങൾ ശേഖ രിക്കൽ | | PTA, HM,Trs | 2500/- |
| Number Pattern | ശാസ്ത്ര പരീ ക്ഷണങ്ങൾ ചെയ്യൽ | December | | 2000/- |
| | ഓരോ കുട്ടിക്കും ശാസ്ത്ര, ഗണിത കിറ്റുകൾ | January | OSA, PTA | |
| **ഉപമേഖല** | **കായികം** | | | |
| കലാ-കായികപ രമായ കഴിവുകൾ വളർത്തൽ | കുട്ടികൾക്ക് കളി ക്കാനുള്ള സാമ ഗ്രികൾ തയ്യാ റാക്കൽ | | | |
| | ചിൽഡ്രൻസ് പാർക്ക് | IYEAR | | 2Lakh |
| | കരാട്ടെ, യോഗ ക്ലാസുകൾ | July മുതൽ | Tr | ഒരു കുട്ടിക്ക് 250/ |

| | | | | |
|---|---|---|---|---|
| | സ്കൂൾ ഗ്രൗണ്ട് ഒരുക്കൽ | | | |
| | കലാപഠനം | July മുതൽ | Trm നിയമിക്കൽ | മാസം 3000/ |
| **മേഖല** | **ഭൗതികം** | | | |
| **ഉപമേഖല** | **മുറികൾ തയ്യാറാക്കൽ** | | | |
| എല്ലാ ക്ലാസ്മുറികളും ആധുനികവൽക്കരിക്കൽ | നിലം ടൈൽ പതിക്കൽ | 1 year | OSA | 50000/- |
| | സ്മാർട്ട് ക്ലാസ് റും തയ്യാറാക്കൽ.mike , sound box കൾ സ്ഥാപിക്കൽ | 1 year | | |
| | ഓഫീസ് റും Display board ഉപകരണങ്ങൾ | | | |
| | കംപ്യൂട്ടർ, പ്രിന്റർ ഇവ ഒരുക്കൽ | | MLA fund | |
| | അലമാരകൾ ഓരോ അദ്ധ്യാപികയ്ക്കും ഷെൽഫുകൾ | | PTA, OSA | 50000/- |
| | Library room തയ്യാറാക്കൽ | | | |
| | KG ക്ക് ചെറുമേശ, കസേരകൾ | | | |
| | പുതിയ മൂത്രപുര സംവിധാനം | | MLA fund | 2Lakhs |
| **ഉപമേഖല** | **ഹരിത പരിസരം** | | | |
| ജൈവവൈവിധ്യ പാർക്ക് | ചെടിച്ചട്ടികൾ തയ്യാറാക്കൽ | 1 year | OSA, PTA, Trs | 1lakh |
| | ജൈവവേലി | | | |
| | ചെറിയ കുളം നിർമ്മിക്കൽ | | | |
| | ഔഷധ ഉദ്യാനം | | | |
| | ശലഭോദ്യാനം | | | |
| | വാഹനം കടന്നു വരാൻ വലിയ | | | |

| | | | | |
|---|---|---|---|---|
| | ഗേറ്റ് | | | |
| | വരാന്ത, പടികൾ ഇവ ടൈൽ ഇടണം | | | |
| | ഗ്രൗണ്ടിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കൽ | | | |
| | അറിയിപ്പ് ബോർഡുകൾ | | | |
| | കിണർ നിർമ്മാണം | | | |
| **ഉപമേഖല** | **ഊട്ടുപുര** | | | |
| അടുക്കള | ടൈൽ പതിക്കൽ | 3 years | Manager | 5lakhs |
| ഡൈനിംഗ് ഹാൾ | പുതിയ ഡൈനിംഗ് ഹാൾ നിർമ്മാണം | | MLA Fund | 6 Lakhs |
| | ഷെൽഫുകൾ, സ്റ്റോർമുറി | | | |
| | കൈകഴുകാൻ പൈപ്പുകൾ | | | |
| **ഉപമേഖല** | **സ്കൂൾ ഹാൾ** | | | |
| സ്കൂൾ ഹാൾ പുനരുദ്ധാരണം | നിലം Tile പതിക്കൽ | 2 years | Manager | 3 lakhs |

# പ്രതീക്ഷിത നേട്ടങ്ങൾ

1. സ്കൂളിൽ അഡ്മിഷൻ വർദ്ധിക്കുന്നു
2. എല്ലാ കുട്ടികളും ഗണിതം, ഭാഷകൾ, ശാസ്ത്രം എന്നിവയിൽ അടിസ്ഥാന അറിവുകൾ നേടുന്നു.
3. കലാ- കായിക മേളകളിൽ മികച്ച നേട്ടം
4. ഹൈടെക് ക്ലാസ് റൂമുകൾ
5. ജൈവവൈവിധ്യ പാർക്ക്
6. അഡാപ്റ്റഡ് ടോയ്‌ലെറ്റ്
7. സ്കൂൾ വാഹനം
8. വാഹനം ഗ്രൗണ്ടിലേക്കെത്താൻ പറ്റുന്ന വലിയ ഗേറ്റ്
9. കലാപരിപാടികൾക്കായി സ്കൂൾ ഓഡിറ്റോറിയം
10. ശിശുസൗഹൃദപരമായ പ്രീപ്രൈമറി ക്ലാസുകൾ
11. ലൈബ്രറി റൂം
12. ഉച്ചഭക്ഷണ ഹാൾ

# മോണിറ്ററിംഗ് രീതി

1. ക്ലാസ് PTA യിൽ രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠന നിലവാരം ബോധ്യപ്പെട്ടാൻ അവസരം നൽകാറുണ്ട്
2. ഉച്ചഭക്ഷണം ഉച്ചഭക്ഷണ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആഴ്ചയിൽ മോണിറ്ററിം ഗ് നടത്താറുണ്ട്
3. അദ്ധ്യാപകരുടെ ക്ലാസ് മോണിറ്ററിംഗ് HM ആഴ്ചയിൽ നടത്തി വരുന്നു.

# S.B.M.L.P.S Koorkenchery

## SCHOOL DEVELOPMENT PLAN

| | Aims | Sources | Activities |
|---|---|---|---|
| 1. | സ്കൂൾ പരിസരം വൃത്തിയാക്കി Garden set ചെയ്യൽ | MPTA Management | പുല്ല് ചെത്തി വൃത്തിയാക്കാറുണ്ട് |
| 2. | കളിയുപകരണങ്ങൾ തയ്യാറാക്കൽ | Old students | |
| 3. | Bathroom മെച്ചപ്പെടുത്തൽ | MLA Fund | MLA Fund ൽ നിന്ന് Bathroom ലഭിച്ചു |
| 4. | Smart Class room | MLA/MP fund | |
| 5. | Library setting, അടുക്കള നവീകരണം | PTA /SSG | |
| 6. | സ്കൂൾ വാഹനം, കുട്ടികളുടെ അഡ്മിഷൻ | Management-Teachers | അംഗൻവാടി സന്ദർശനം, ഗൃഹസന്ദർസനം നടത്തി വരുന്നു |
| 7. | Class electrification | പൊതുസ്ഥാപനങ്ങൾ | 36 society വക ക്ലാസ്റൂം electrification നടത്തി |
| 8. | Stage & mike etc. | SSG | Stage, Mike എന്നിവ ശരിയാക്കി |
| 9. | സ്കുളിന്റെ പുറകുവശത്തെ മതിൽ പെയിന്റ് ചെയ്ത് ഗുരുവചനങ്ങൾ എഴുതുക | Old students | സ്കൂളിന്റെ മുൻവശത്തെ മതിൽ പെയിന്റ് ചെയ്ത് ഗുരുവചനങ്ങൾ, ബോർഡ് എന്നിവ ചെയ്തു |
| 10. | | MLA/MP Fund | വാട്ടർ ടാങ്ക് പുതിയ ഒന്ന് നെടുപുഴ സ്റ്റേഷൻ നൽകി. കിണർ ലഭിച്ചു.(Lions club) |
| 11. | സ്കൂൾ കെട്ടിടം 4 ക്ലാസ് റൂമുകൾ പുതിയത് നിർമ്മിക്കൽ, ഓഫീസ് റൂം നവീകരണം | Management-old students, MP Fund | |
| 12. | LKG,UKG ക്ലാസുകൾ ആരംഭിക്കൽ, ഒന്നാം ക്ലാസിലേക്ക് അഡ്മിഷൻ കിട്ടുന്നതിനായി | അംഗൻവാടി, നഴ്സറി, Pre-KG | LKG,UKG ക്ലാസുകൾ ആരംഭിച്ചു. റൂം arrange ചെയ്തു. |

| | | | |
|---|---|---|---|
| 13. | ദിനാചരണങ്ങൾ | Old students, PTA, പൊതു പ്രവർത്തകർ എന്നിവരോടൊപ്പം | പ്രവേശനോത്സവം, Aug.15, പരിസ്ഥിതി ദിനം എന്നിവ പൊതുജനങ്ങളോടൊപ്പം സ്കൂളിൽ വിപുലമായി ആഘോഷിച്ചു വരുന്നു. Nov-14 ശിശുദിനം വിപുലമാക്കാൻ തീരുമാനിച്ചിട്ടുണ്ട് |
| 14. | കലാ-കായിക, പ്രവൃത്തി പരിചയ മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ | കലാ-കായിക അദ്ധ്യാപകർ | അദ്ധ്യാപകർ പരിശീലിപ്പിച്ച് കുട്ടികളെ പരിപാടികളിൽ പങ്കെടുപ്പിക്കാറുണ്ട്. ഇതിനായി ഇതിനായി പ്രൊഫഷണൽ ആളുടെ സഹായം ആവശ്യമായിട്ടുണ്ട് |
| 15. | ക്ലബ്ബുകളുടെ പ്രവർത്തനം | അദ്ധ്യാപകർ | ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യവേദി എന്നിവ നന്നായി സംഘടിപ്പിക്കുന്നുണ്ട് |
| 16. | സ്കൂൾ അസംബ്ലി ഇംഗ്ലീഷിൽ | സ്പോക്കൺ ഇംഗ്ലീഷ് അദ്ധ്യാപകർ | ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് |
| 17. | Annual Day Celebration | PTA fund | എല്ലാവർഷവും annual day എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച് വിപുലമായി നടത്താറുണ്ട്. എല്ലാവർക്കും സമ്മാനങ്ങൽ നൽകാറുണ്ട്. |
| 18. | അമ്മമാരുടെ പങ്കാളിത്തം ഉറപ്പിക്കുന്നതിന് | MPTA | അമ്മ വായന, മത്സരങ്ങൽ, ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട് |
| 19. | Smart class room | Old students | ഒരു ക്ലാസ്റൂം പൂർത്തിയായി |
| 20. | സ്കൂൾ ഓഡിറ്റോറിയം | MP Fund | അപേക്ഷ നൽകിയിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ക്ലാസ് - 1

**ആമുഖം**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെയ്ക്കുന്നത്. എഴുത്ത് വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത് ഈ വർഷം ജൂൺമാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്

**ലക്ഷ്യം**

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

**ജൂൺ**

ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.

രക്ഷിതാക്കൾക്ക് കഥാപാരായണ പരിശീലനം

**ജൂലൈ**

ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചുകേൾപ്പിക്കുന്നു.

വീട്ടുവായന

രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു.

കേട്ടകഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.

ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.

ചിത്ര കാർഡുകൾ, കഥ കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ

ആഗസ്റ്റ്

തിയേറ്റർ സാധ്യതകൾ, വായന ക്ലബ്ബുകൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ

കഥയുടെ പുനരവതരണം

സെപ്റ്റംബർ

ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.

ചിത്രങ്ങൾക്ക് സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ.

ചിത്ര വായനാക്കാർഡുകൾ തയ്യാറാക്കൽ

ഒക്ടോബർ

കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്ര കഥാ വായന നടത്തുന്നു.

ലളിതമായ വായനാകാർഡുകൾ സഹായത്തോടെ വായിക്കുന്നു.

വേദികളിൽ സ്വതന്ത്രമായി കഥപറയൽ

നവംബർ

ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.

ഡിസംബർ

കുട്ടികൾ നിർമിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് അമ്മമാരുമായും school അസംബ്ലിയിൽ പങ്കിടുന്നു

ജനുവരി

ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.

## ഫെബ്രുവരി

ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു

## മാർച്ച്

ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.

# English

STD I

Aim: * To improve their English language through various contexts.
* To enhance their (Speaking ability- spoken) Vocabulary.

| | |
|---|---|
| June. | *Understand simple comments through teachers talk.<br>*Listen simple phonetic songs (ICT)<br>*Simple word introducing |
| July: | *Says the familiar words.<br>*Writing familiar words.<br>*Reading familiar words. |
| August | Ask simple questions and give responses (Spoken) |
| September | Self Introduction. |
| October | Draw the picture and write their names |
| Nov. | Letter games. |
| Dec | Word games. |
| Jan | Growing sentences. |
| Feb | Growing sentences. |
| Mar. | Small Description. |

# അക്കാദമിക മാസ്റ്റർപ്ലാൻ

2025 — 26

അറബിക് — std I

CLASS - I

# ACADEMIC MASTER PLAN 2025-26

വാർഷിക ലക്ഷ്യം: എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പാഠങ്ങൾ വായിക്കാനും എഴുതാനുമുള്ള കഴിവ് ഉണ്ടാക്കുക. , അക്ഷരപ്പട്ടങ്ങളുടെ നിർമാണം.

| പ്രവർത്തനം | ഉപപ്രവർത്തനം. | കാലയളവ് |
|---|---|---|
| വായനം, എഴുത്തും. | അക്ഷരവായന, അക്ഷരകാർഡ് നിർമ്മാണം, ഉച്ചാരണം ICT യിൽ കാണിക്കൽ. പാട്ട് കേൾപ്പിക്കൽ, അക്ഷരങ്ങൾ എഴുതി കാണിക്കൽ, നിറം നൽകൽ | June / Aug |
| തുടർവായന ചിത്രങ്ങൾ ചേർത്ത് വായിക്കൽ, എഴുതൽ | ചിത്രങ്ങൾ കാണിച്ച് അക്ഷരങ്ങൾ ചേർത്ത് വായിക്കൽ, അക്ഷരങ്ങൾക്ക് നിറം നൽകൽ. കേട്ടെഴുത്ത്, കുട്ടി-എഴുത്ത് പരിശീലിപ്പിക്കൽ. | Sep / Oct. |
| പാഠങ്ങൾ നിർമിക്കൽ, വായന, എഴുതൽ നിറുള്ള അക്ഷരഉപയോഗം | അക്ഷരകാർഡുകൾ നൽകി പഠിച്ച പാഠങ്ങൾ നിർമ്മിക്കൽ, അക്ഷരങ്ങൾ ബോർഡിൽ എഴുതിയെടുത്ത് അവ-കൊണ്ട് പാഠങ്ങൾ നിർമ്മിക്കൽ, അക്ഷരകാർഡ് നിർമ്മാണം, അക്ഷരങ്ങൾ കൊണ്ട് രൂപം വരക്കൽ, കേട്ടെഴുത്ത് നടത്തി അക്ഷരം ഉറപ്പിക്കൽ. | Nov / Dec |
| ചെറിയ സംഭാഷണം പറയൽ, നിറങ്ങൾ മനസിലാക്കൽ, പദങ്ങൾ എഴുതൽ. | ചെറിയ സംഭാഷണം ക്ലാസിൽ അവതരിപ്പിക്കൽ, ICT യിൽ സംഭാഷണം കാണിച്ചുകൊടുക്കൽ, നിറങ്ങൾ കാണിച്ച് അവയുടെ പേരുകൾ മനസിലാക്കൽ, ചിത്രങ്ങളുടെ എണ്ണം നോക്കി ICT യുടെ സഹായത്തോടെ അറബിയിൽ എഴുതൽ. അക്ഷരപ്പട്ടങ്ങളിലേക്ക് പത്രങ്ങൾ കൊണ്ട് വരിക (പ്രക്രിയ | JAN / MARCH. |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

ക്ലാസ് : I

ഗണിതം

# ആമുഖം

നമുക്കു ചുറ്റുമുള്ള കാര്യങ്ങൾ കൃത്യമായി അറിയാനും മനസ്സിലാക്കാനും ഗണിതം ആവശ്യമാണ്.
എണ്ണലും കൂട്ടലും കുറയ്ക്കലും വരയ്ക്കലും അളക്കലും ഒക്കെ ചേർന്നതാണ് ഗണിതം. സംഖ്യകളും രൂപങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ചാണ് ഇവ ചെയ്യുന്നത്. ശരിയായി ചിന്തിച്ചു കാര്യങ്ങൾ മനസ്സിലാക്കാനും പറയാനുമുള്ള കഴിവ് ഗണിതത്തിലൂടെ ലഭിക്കുന്നു.
കൂട്ടായി പ്രവർത്തനങ്ങൾ ചെയ്തും കണ്ടും കേട്ടും ചിന്തിച്ചും അഭിപ്രായങ്ങൾ പറഞ്ഞും നമുക്ക് ഗണിതം രസകരമായി പഠിച്ചു തുടങ്ങാം.

കളികളിലൂടെയും കഥകൾ പറഞ്ഞും പാട്ടുപാടിയും വർണ്ണചിത്രങ്ങൾ വരച്ചു നിറം കൊടുത്തും വഴികൾ കണ്ടെത്തിയും ഗണിതവുമായി നമുക്ക് കൂട്ടുകൂടാം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ജ്യാമിതീയ രൂപങ്ങളുടെ ചിത്രരചന, നിറം നൽകൽ, ഗണിത രൂപങ്ങൾ തിരിച്ചറിയൽ<br>ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ.<br>ഗണിത പാട്ടുകളിലൂടെ ഗണിത രൂപങ്ങൾ ഉറപ്പിക്കൽ. | ജൂൺ ജൂലായ് | ക്ലാസ് ടീച്ചർ | |
| ചുറ്റുപാടും നിരീക്ഷിച്ച് വൃത്തം, ത്രികോണ രൂപങ്ങൾ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യുന്നു.<br>രൂപങ്ങൾ ആകൃതി അനുസരിച്ച് തരംതിരിക്കുന്നു.<br>ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണിയെടുക്കുക (1 മുതൽ 5 വരെ)<br>1 മുതൽ 5 വരെയുള്ള സംഖ്യകളെ വ്യത്യസ്തതരത്തിൽ കൂട്ടങ്ങളാക്കുക<br>ചെറുത്/വലുത് കണ്ടെത്തുക | അകത്ത്/പുറത്ത് മുകളിൽ താഴെ, വലുത്, ചെറുത് കൂടുതൽ/കുറവ് തുടങ്ങിയ ഗണിതാശയ പ്രവർത്തനങ്ങൾ<br>വസ്തുക്കൾ ഉപയോഗിച്ചുള്ള താരതമ്യ പ്രവർത്തനങ്ങൾ<br>ഗണിത പാട്ടുകൾ പാടൽ<br>നിശ്ചിത എണ്ണം എണ്ണിയെടുക്കൽ | ജൂലായ് | ക്ലാസ് ടീച്ചർ | |

| | | | |
|---|---|---|---|
